# ലാലേട്ടൻ യക്ഷിയേയും ഗന്ധർവ്വനേയും നേരിട്ടപ്പോൾ

[കഥ നടന്നത് എഴുപതുകളിലാണ്.എങ്കിലും , ഇതിലുൾപ്പെട്ട കഥാപാത്രങ്ങൾ പ്രായമായതുകോണ്ടും,പഴയ കുസൃതിത്തരങ്ങൾ മക്കളും ഭാര്യയുമറിഞ്ഞാൽ വിലപോകുമെന്നുള്ളതുകൊണ്ടും,പേരും സാഹചര്യങ്ങളുമൊക്ക മാറ്റുന്നു ]

നമ്മുടെ കഥാനായകനെ നമുക്ക് ‘ലാലേട്ടന്’ എന്നു വിളിയ്ക്കാം.

(മോഹൻ ലാലല്ല കേട്ടോ ; വേണമെങ്കിൽ മോഹൻലാലിനും ഈ റോളിൽ അഭിനയിയ്ക്കാം. അത്രതന്നെ )

ലാലേട്ടൻ ചെറുപ്പത്തിലേ വികൃതിയും വില്ലനും വായ്നോക്കിയുമായിരുന്നത്രെ.
അതുകൊണ്ടുതന്നെ അത്തരം സുഹൃത്തുക്കൾ അദ്ദേഹത്തിന് ഏറെയായിരുന്നു. മാത്രമല്ല ഈ വക കാര്യങ്ങൾ നടത്തിക്കുട്ടേണ്ടതിനാൽ പഠിത്തത്തിൽ പിന്നോക്കമായിരുന്നു.
എങ്കിലും അദ്ദേഹം പത്താം ക്ലാസ് അഞ്ചാം ചാൻസിൽ പാസ്സായി.
അങ്ങനെ പ്രീഡിഗ്രിയ്ക്ക് നാലാം കൊല്ലം(2+ചാൻസുകൾ ) പഠിയ്ക്കുന്ന കാലത്താണ് ഈ കഥ നടന്നത് .
പ്രീഡിഗ്രി തോറ്റതിനാൽ പാരലൽ കോളേജിൽപോയി പഠിയ്ക്കുകയാണ് മൂപ്പർ ചെയ്തിരുന്നത് .പഠനത്തിന്റെ സൌകര്യാർത്ഥം തട്ടിൻ മുകളിലുള്ള മുറിയാണ് മൂപ്പർക്കായി അലോട്ടുചെയ്തിരുന്നത്. മൂപ്പരാണെങ്കിലോ ഈ സൌകര്യം ധാരാളമായി ദുരുപയോഗപ്പെടുത്താറുമുണ്ട്.
മുറിയിൽ നിന്ന്, പുരപ്പുറത്തേയ്ക്കു ചാഞ്ഞുകിടക്കുന്ന മാവിൻ കൊമ്പുവഴി താഴേയ്ക്കിറങ്ങി ,വീട്ടുകാരറിയാതെ 'സെക്കൻഡ് ഷോ' യ്ക്കു പോകുക മൂപ്പരുടെ ഒരു പതിവായിരുന്നു. (സിനിമയ്ക്കുപോകുമ്പോൾ മുറിയിൽ ലൈറ്റ് ഇട്ടു വെയ്ക്കും . വീട്ടുകാർ 'ലാലേട്ടൻ പഠിയ്ക്കുകയാണെന്ന ധാരണയിലിരുന്നോട്ടെ ; അതുവഴി പകലുറക്കത്തിന് ആധികാരികമായി അനുവാദം ലഭിയ്ക്കുകയും ചെയ്യും.)

സെക്കൻഡ് ഷോ കഴിഞ്ഞാലോ ഇതേ മാവിൻകൊമ്പു വഴി തന്നെ തന്റെ മുറിയിലെത്തുകയും ചെയ്യും.

അങ്ങനെ സംഭവം നടന്ന ദിവസം ;

അന്നും മൂപ്പർ രാത്രിയിൽ സെക്കൻഡ് ഷോ യ്ക്ക് പോകുവാൻ തീരുമാനിച്ചു.
അന്ന് ആ നാട്ടിലെ ഒരേ ഒരു സിനിമാതിയേറ്റർ 'ശ്രീരാഗം 'തിയേറ്ററായിരുന്നു.
അന്നേദിവസം അവിടെ കളിച്ചിരുന്നത് 'ഡ്രാക്കുള ' എന്ന പ്രേതസിനിമയായിരുന്നു.

ലാലേട്ടന്റെ വിശ്വാസത്തെക്കുറിച്ച് പറയുകയാണെങ്കിൽ ,
മൂപ്പർ ഒരു നിരീശ്വരവാദിയാണ്.
അതായത് ദൈവത്തിൽ വിശ്വാസമില്ലെന്നർത്ഥം.
എന്നുവെച്ച് പ്രേതത്തിൽ വിശ്വാസമില്ല എന്ന് നൂറുശതമാനം എന്ന് ഉറപ്പിച്ചു പറയുവാൻ പറ്റില്ലത്രെ!
പകൽ സമയത്ത് പ്രേതത്തിൽ അങ്ങോർക്ക് തീരെ വിശ്വാസം ഇല്ല.

പക്ഷെ, രാത്രിയിൽ പ്രത്യേകിച്ച് ഒറ്റയ്ക്കുള്ള സമയത്തൊക്കെ പ്രേതം,പിശാച്
എന്നിവയിലൊക്കെ അദ്ദേഹത്തിന് അമിതമായ വിശ്വാസമാണത്രെ.
ഇതിനെക്കുറിച്ച് ചോദിച്ചാൽ മൂപ്പർ ഉടൻ തന്നെ മറുചോദ്യമുന്നയിക്കും.
പാൽ ,സസ്യാഹാരമാണോ ?
'അല്ല' എന്നുത്തരം .
കാരണം ?
അത് ഒരു ജീവിയിൽനിന്നു ലഭിക്കുന്ന വസ്തുവാണ്
.എന്നിട്ട് ,'വെജിറ്റേറിയന്മാർ ' എന്നുപറയുന്ന ഒരു കൂട്ടർ പാൽ ,മോര്,തൈര്, നെയ്യ്
എന്നിവയൊക്കെ നല്ലവണ്ണം കഴിക്കുകയും സസ്യാഹാരികൾ എന്ന് മേന്മ
നടിക്കുകയുംചെയ്യുന്നതുപോലെ മാത്രമേ ഈ പ്രശ്നത്തെ കാണേണ്ടതുള്ളൂ എന്നത്രേ മൂപ്പരുടെ
അഭിപ്രായം .
(അതുപോലെത്തന്നെ അമ്പലത്തിലെ പായസം ,മറ്റ് പ്രസാദങ്ങൾ എന്നിവയിൽ മൂപ്പർക്ക്
അമിതമായ വിശ്വാസം ഉണ്ട്ത്രെ)

അതൊക്കെ പോകട്ടെ നമുക്ക് കഥയിലേയ്ക്ക് തിരിച്ചുവരാം.

അന്നേദിവസം രാത്രി ,ഏകദേശം ഒമ്പതരയോടുകൂടി ,മൂപ്പർ വീട്ടുകാരറിയാതെ മാവിൻ കൊമ്പു വഴി താഴെയിറങ്ങി. നല്ല നിലാവുള്ള ദിവസമായതിനാൽ ടോർച്ച് എടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

മനോഹരമായ ആ പൂനിലാവിന്റെ ഭംഗി മൂപ്പർ നല്ലവണ്ണം ആസ്വദിച്ചു.

എന്നീട്ട് സൈക്കളിൽ കയറി ശബ്ദമുണ്ടാക്കാതെ വീട്ടിൽ നിന്ന് പഞ്ചായത്തുറോഡിലേയ്ക്കുകടന്നു. പിന്നീട് അതിവേഗത്തിൽ സിനിമാശാലയെ ലക്ഷ്യമാക്കി സൈക്കിൾ ചവിട്ടി.

തിയേറ്ററിലെത്തിയപ്പോൾ അത്രയധികം ആളുകളൊന്നും സിനിമയ്ക്കുണ്ടായിരുന്നില്ല. അതിനാൽ അധിക നേരം ടിക്കറ്റേടുക്കാൻ ക്യൂ നിൽക്കേണ്ടിവന്നില്ല .

സിനിമതുടങ്ങി..
ഭീതി ഭയങ്കരമായി മൂപ്പർക്ക് അനുഭവപ്പെട്ടു.

ഡ്രാക്കുളയുടെ മുഖവും ചോരകുടിയ്ക്കലും തേറ്റപ്പല്ലുകളും ചെന്നായക്കളും കടവാതിലും അതിനനുസരിച്ചുള്ള പേടിപ്പെടുത്തുന്ന ശബ്ദ ക്രമീകരണവും ലാലേട്ടനിൽ ഭീതിയുടെ നയാഗ്രാ വെള്ളച്ചാട്ടം തന്നെ ഉണ്ടാക്കി.

സിനിമ കഴിഞ്ഞ് പുറത്തിറങ്ങി.മെയിൻ റോഡിലൂടെ സൈക്കിൾ ചവിട്ടുമ്പോൾ ഭയത്തിന്റെ ചെറിയ കുമിളകൾ മനസ്സിൽ ഉയർന്നുവരുന്നതുപോലെ തോന്നി.

വഴിയ്ക്കെങ്ങാനും ഡ്രാക്കുള പ്രത്യക്ഷപ്പെട്ടാൽ ......

എന്താ ചെയ്യുക?.

നിരീശ്വരവാദത്തിന്റെ ഹിമാലയൻ ശൃംഗങ്ങൾ ഡ്രാക്കുളയാകുന്ന അതിഭീമൻ ബുൾഡോസർ എത്രവേഗമാണ് തകർക്കുന്നത്.

ഇവിടെയിപ്പോൾ

നിരീശ്വരവാദം പറഞ്ഞ് തർക്കിക്കേണ്ട കാര്യമില്ലല്ലോ.

ലാലേട്ടന് ഉടനെ ഒരു ബുദ്ധിതോന്നി.

പെട്ടെന്ന്,മൂപ്പർ സൈക്കിളിൽ നിന്നിറങ്ങി .

റോഡ്സൈഡിലെ വേലിയിൽ നിന്ന് രണ്ടു ശീമക്കൊന്നക്കഷണങ്ങൾ ഒടിച്ചെടുത്തു.
എന്നിട്ടത് സൈക്കിളിന്റെ പിറകിൽ വെച്ചു.

ഇനി ഡ്രാക്കുളയെങ്ങാനും വന്നാൽ കുരിശിന്റെ രൂപത്തിൽ ആ ശീമക്കൊന്നക്കഷണങ്ങൾ വെച്ച് ഡ്രാക്കുളയെ ആക്രമിയ്ക്കാലോ?

കുരിശിനെ ഡ്രാക്കുളയ്ക്ക് പേടിയാണല്ലോ.

ആ ഒരു ആശ്വാസത്തിൽ പെരുമ്പറകൊട്ടുന്ന ഹൃദയവുമായി സൈക്കിളിൽ കയറി യാത്ര തുടർന്നു .

മെയിൻറോഡിൽനിന്ന് പഞ്ചായത്തുറോഡിലേയ്ക്കായി പിന്നീടുള്ള യാത്ര.

പേടി മാറ്റാൻ വേണ്ടി എന്തു ചെയ്യും?

ഉറക്കെ പാട്ടുപാടിയാലോ?

മൂപ്പർ അന്നത്തെ ഹിറ്റ് ഗാനമായ
" തൈപ്പൂയ ക്കാവടിയാട്ടം, തങ്കമണിപ്പീലിയാട്ടം '' എന്ന പാട്ടൊന്നു പാടിനോക്കി.

പക്ഷെ ,പലവട്ടം പാടാൻ ശ്രമിച്ചെങ്കിലും ശബ്ദം
ഉയർന്നു വരുന്നില്ല.

ആ സമയത്ത് വീണ്ടും ഒരു പ്രശ്നം ?

സൈക്കിൾ എത്ര ചവിട്ടിയിട്ടും നീങ്ങുന്നില്ല.

വീണ്ടും ആഞ്ഞു ചവിട്ടി.

സൈക്കിൾ നീങ്ങുന്നില്ല.

ഇത് ഡ്രാക്കുളയുടെ പണിയാണോ?

അറിയാതെ ചുണ്ടിൽനിന്ന് ''ഗുരുവായൂരപ്പാ '' എന്ന വിളി വന്നു .

അപ്പോഴേയ്ക്കും ഒരു ചിന്ത മനസ്സിലുദിച്ചു .

ഇവിടെ ഗുരുവായൂരപ്പനെ വിളിച്ചീട്ടെന്താ കാര്യം?

ഡ്രാക്കുളയ്ക്ക് ഗുരുവായൂരപ്പനെ ഭയക്കേണ്ട
കാര്യമില്ലല്ലോ.

ഡ്രാക്കുളയെ നേരിടാൻ കുരിശോ ,ക്രിസ്ത്യൻ ദൈവമോ
വേണം ?

കൈ സൈക്കിളിന്റെ പിന്നിലേയ്ക്ക് നീങ്ങി .

സമാധാനം! ,ശ്രീമക്കൊന്ന വടികൾ അവിടെ
ഇരിപ്പുണ്ട് .

ഡ്രാക്കുള വന്നാൽ ശ്രീമക്കൊന്ന വടികൾ കുരിശിന്റെ
രൂപത്തിലാക്കി നേരിടാം.

അത് ലാലേട്ടന്റെ മനസ്സിൽ ആശ്വാസത്തിന്റെ കുളിർക്കാറ്റുവീശി.

എങ്കിലും ലാലേട്ടൻ ഒന്നുകൂടി വിയർത്തു.
ഇനി വീട്ടുകാരറിയാണ്ടുള്ള ഈ സിനിമാപ്പോക്ക് വേണ്ട. എന്തൊക്കെ ടെൻഷനാ
അതിന്റെ പേരിലനുഭവിയ്ക്കുന്നത് .

മാനത്ത് ചെറിയതോതിലുള്ള കാർമേഘങ്ങളുണ്ട്.
അതുകൊണ്ട് പൂനിലാവിന്റെ ശക്തി കുറഞ്ഞിരിയ്ക്കുന്നു.

അതോടെ ലാലേട്ടന്റെ മനസ്സിൽ ഭയത്തിന്റെ ശക്തി കൂടിവന്നു.

പക്ഷെ,വീണ്ടും പ്രശ്നം!

സൈക്കിൾ ഇപ്പോൾ തീരെ മുന്നോട്ടുനിങ്ങുന്നില്ല.

രണ്ടും കല്പിച്ച് മൂപ്പർ സൈക്കിളിൽ നിന്നിറങ്ങി.

പെട്ടെന്ന് ലാലേട്ടന് പൊട്ടിച്ചിരിയ്ക്കാനാണ് തോന്നിയത് .

കാരണം ,സൈക്കിൾ പഞ്ചറാണ് . ലാലേട്ടന് തന്നോട്ടുതന്നെ പുച്ഛം തോന്നി.

വെറുതെ എന്തെല്ലാം അനാവശ്യ ചിന്തകളാണ് ഈ യുക്തിവാദിയുടെ മനസ്സിൽ വന്നത് .

പക്ഷെ , ഈ ധൈര്യം അധികനേരം നീണ്ടുനിന്നില്ല.

ടയർ പഞ്ചറാക്കിയത് ഡ്രാക്കുളയാകുമോ ?

യേയ് , അതൊന്നുമല്ല. കട്ടയും കല്ലുമൊക്കെയുള്ള പഞ്ചായത്ത് റോഡല്ലേ .

ഏതെങ്കിലും ഒരു കല്ലിന്റെ മുന കൊണ്ടിട്ടുണ്ടാകും.

ഇനി സൈക്കിൾ ഉന്തുക തന്നെ .

വേറെ ഒരു മാർഗ്ഗവുമില്ല.

പക്ഷെ,ഇത്രയും ദൂരം ഉന്തുകയോ?
അതു ഈ പാണ്ടിമേളം നടത്തുന്ന മനസ്സുമായിട്ട് ?

പിന്നെന്താ മാർഗ്ഗം.?

എളുപ്പ വഴി നോക്കിയാലോ ?
ഗോപാലേട്ടന്റെ പറമ്പില്ലൂടെ കടന്ന് മേരിചേച്ചിയുടെ പറമ്പില്ലൂടെ കടന്നാല്...
പിന്നങ്ങോട്ട് ശേഖരേട്ടന്റെ വീടായി.........

ശേഖരേട്ടന്റെ പറമ്പിലൂടെ കടന്നാൽ ‘ദാന്ന്‘ വീട്ടിലെത്താം.

’ എന്നാൽ അങ്ങനെത്തന്നെ. ‘- - ലാലേട്ടൻ തീരുമാനിച്ചു.

അങ്ങനെ ഗോപാലേട്ടന്റെ പറമ്പിലൂടെ ലാലേട്ടൻ സൈക്കിളുമുന്തിക്കൊണ്ടു മന്ദം മന്ദം നടന്നു.

‘തൈപ്പൂയക്കാവിടിയാട്ടം‘ എന്ന ഗാനം ചെറിയ വോളിയത്തിൽ ആലപിച്ചാണ് നടപ്പ്.

ഗോപാലേട്ടന്റെ പറമ്പുകഴിഞ്ഞു ,മേരിചേച്ചിയുടെ പറമ്പെത്തി.

ആകാശത്തിൽ കാർമേഘം കൂടി വന്നു.

നിലാവിന്റെ ശക്തി അല്പം കുറഞ്ഞിട്ടുണ്ട് .

പെട്ടെന്ന് ലാലേട്ടന്റെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി .

എന്താണ് അല്പം അകലെയായിക്കാണുന്നത് ?

വെള്ള വസ്ത്രം ധരിച്ച ഒരു സ്ത്രീയല്ലേ , അവിടെ നിൽക്കുന്നത് ?

അങ്ങനെ ഒരു പെണ്ണ് അവിടെ നിന്നാൽ എന്തിനാ ആണായ താൻ പേടിയ്ക്കുന്നത് ?

അതും പൌരുഷമുള്ള ഒരു യുക്തിവാദി !
എത്ര പെൺപിള്ളാരെ പിന്നാലെ നടന്ന് കമന്റടിച്ചിട്ടുള്ള പാർട്ടിയാണ് താൻ .

എന്നിട്ടിപ്പോ .....

ഒരു സ്ത്രീ വെള്ള വസ്ത്രം ധരിച്ച എന്നുവെച്ച് ഭയക്കുകയോ ?

ഒരു പക്ഷെ ആരെങ്കിലും തന്റെ യുക്തിവാദശേഷിയെ പരീക്ഷിയ്ക്കുന്നതാണോ?

പക്ഷെ, താൻ ഈ വഴി വരുമെന്ന് അവർക്ക് എന്താണുറപ്പ് ?

ഇനി ഇതൊരു യക്ഷിയാണോ ?

അതാ ഇപ്പോൾ കാണുന്നതെന്താ ?

ആ ,വെള്ള വസ്ത്രം ധരിച്ച സ്ത്രീ കൈകൊണ്ടു അങ്ങോട്ട് മാടി വിളിയ്ക്കുന്നല്ലോ .

ഇതു പെശകാണല്ലോ, ഗുരുവായൂരപ്പാ....

എന്നാലും അങ്ങനെ വിട്ടുകൊടുത്തുകൂടാ .

ലാലേട്ടൻ സൈക്കിൾ ,സ്റ്റാൻഡിൽ വെച്ച് ശ്രീമക്കൊന്ന വടിയെടുത്തു.

ഉന്നം വെച്ച് ആഞ്ഞ് ആ വെള്ള വസ്ത്രം ധരിച്ച സ്ത്രീയുടെ നേരെ എറിഞ്ഞു.

പക്ഷെ, ആ സ്ത്രീയ്ക്കൊന്നും പറ്റിയില്ല.

ആഞ്ഞെറിഞ്ഞ വടി അതേ പോലെ ലാലേട്ടന്റെ അരികെ വന്നുവീണു.

ഇത് യക്ഷി തന്നെ ,ലാലേട്ടൻ ഉറപ്പിച്ചു.
എന്നിരുന്നാലും ഒന്നുകൂടി പരീക്ഷിയ്ക്കാലോ....

കുരിശിനായിക്കരുതിയ രണ്ടാമത്തെ വടിയും ലാലേട്ടൻ എടുത്തു. ഒന്നുകൂടി ആ യക്ഷിയുടെ നേരെ ആഞ്ഞെറിയാൻ തീരുമാനിച്ചു.

അതിനു മുമ്പ് എന്തോ ഒരു ശബ്ദം കേട്ട് കിഴക്കോട്ടൊന്നു നോക്കിപ്പോയി.

എന്റെ ഗുരുവായൂരപ്പാ ലാലേട്ടൻ അറിയാതെ വിളിച്ചുപോയി......
ഒന്നല്ല .... അഞ്ചുപത്തു യക്ഷിമാർ  അവിടെ നിരന്നു നിൽക്കുന്നു!!!

എല്ലാവരും കൈകൊണ്ട് ആഗ്യം കാട്ടി വിളിയ്ക്കുന്നുമുണ്ട്.

അവയുടെ തേറ്റപ്പല്ലുകൾ തന്റെ കഴുത്തിൽ അമർത്തി ചോര വലിച്ചുകുടിയ്ക്കുന്ന രംഗം
പെട്ടെന്ന് മനസ്സിലോടിയെത്തി .

ഇനി ഇവിടെ നിന്നാൽ ശരിയാവില്ല.
സൈക്കിളിവിടെ കിടക്കട്ടെ.

ജീവനേക്കാൾ വലുതല്ലല്ലോ സൈക്കിളും നിരീശ്വരവാദവുമൊക്കെ.

എങ്ങനെയോ ഓടാനുള്ള ധൈര്യം കിട്ടി .

പിന്നെ ,അങ്ങോട്ട്  ഒരോട്ടമാണ്.എവിടേയ്ക്കാണൊന്നൊന്നും നിശ്ചയമില്ല.

മുന്നിൽ ഒഴിവുള്ള ഭാഗത്തുകൂടി ഓടി .

പക്ഷെ,,ആ ഓട്ടം അധിക സമയം തുടരാൻ കഴിഞ്ഞില്ല.

കാരണം.എന്തോ തട്ടി ലാലേട്ടൻ മണ്ണിൽ വീണു.

ധൈര്യം സംഭരിച്ച് എണീറ്റ് നോക്കിയപ്പോൾ വാസുവേട്ടന്റെ പറമ്പിലാണു താൻ നിൽക്കുന്നതെന്നു മനസ്സിലായി.

എങ്ങനെയോ ധൈര്യം സംഭരിച്ച് ചുറ്റും നോക്കി.

യക്ഷിമാരെയൊന്നും കാണാനില്ല.

കാലിൽ തൊലിപോയിട്ടുണ്ടെന്നതൊഴിച്ചാൽ വലിയ കുഴപ്പമില്ല. എണീറ്റുനടക്കാം.

നടക്കാതെ നിവൃത്തിയില്ലല്ലോ.

ലാലേട്ടൻ വീണ്ടും വീടിനെ ലക്ഷ്യമാക്കി പതുക്കെ നടന്നു.
എന്നാൽ ഏകദേശം അഞ്ചടി വെച്ചിട്ടുണ്ടാവില്ല.

അപ്പോൾ അല്പം അകലെ കണ്ട കാഴ്ച്ച ലാലേട്ടനെ വീണ്ടും ഞെട്ടിച്ചു.

അങ്ങകലെയായി ഒരാൾ നിൽക്കുന്നു കൈയ്യിൽ എന്തോ ഒന്ന് പിടിച്ചുകൊണ്ട്......
ഏകദേശം മനുഷ്യരൂപത്തിൽ !!!

നോക്കിനിക്കെ ആ രൂപം വലുതായി വരുന്നു.

ഇപ്പൊ രണ്ടാൾ പൊക്കത്തിലായി.......

അതാ മൂന്നാൾ പൊക്കത്തിലായി....

ഇത് ഗന്ധർവനല്ലേ ....

അതെ, ആകാശ ഗന്ധർവൻ തന്നെ.

ചെറുപ്പത്തിൽ കഥകളിലൊക്കെ കേട്ടിട്ടുള്ള ആകാശഗന്ധർവൻ തന്നെ..

മനുഷ്യരെ ഉടലോടെ വിഴുങ്ങുന്ന ആകാശഗന്ധർവൻ ...

യക്ഷിയാണെങ്കിൽ ചോര കുടിയ്ക്കുകയേയുള്ളൂ.

പക്ഷെ, ഗന്ധർവൻ അങ്ങനെ ത്തന്നെ വിഴുങ്ങിക്കളയും !

പന്തം പേടിച്ച് പന്തളത്തു ചെന്നപ്പോ പന്തം കൊളുത്തിപ്പട!

ഇപ്പോഴതാ ഗന്ധർവൻ ഒരു തെങ്ങിന്റെ ഉയരത്തിലായി......

അയ്യോ... ,ഇപ്പോഴതാ ആകാശം മുട്ടേ ആയി. .....

അയ്യോ ...തന്റെ അടുത്തേയ്ക്കല്ലേ അതിന്റെ കൈകൾ
വരുന്നത്...

അയ്യോ... , തന്നെ വിഴുങ്ങാനല്ലേ അതു വരുന്നത്....

ലലേട്ടന്റെ വായിൽനിന്ന് ഉച്ചത്തിലുള്ള അപശബ്ദം പുറത്തുവന്നു.

ലാലേട്ടൻ ബോധരഹിതനായി നിലാപതിച്ചു.

* * * * * * * * * * * * * * * * * * * * * * * * * * * * * * *

* * * * * * * * * * * * * * * * * * * * * * * * * * * * * * *

കണ്ണുതുറന്നപ്പോൾ , താൻ ആശുപത്രിയിലാണ് കിടക്കുന്നതെന്ന് ലാലേട്ടനു മനസ്സിലായി.

" ഓ, കണ്ണു തുറന്നല്ലോ, ബോധം വന്നു , ആശ്വാസായി '' എന്നൊക്കെ ആരോ പറയുന്നത് ലാലേട്ടൻ കേട്ടു .

മുറിയിൽ അച്ഛൻ ,അമ്മ, അനിയത്തി,പിന്നെ മേരിചേച്ചി,ഗോപാലേട്ടൻ

ശേഖരേട്ടന്......എന്നിവരൊക്കെയുണ്ട്.

"എടയ്ക്കിടെ യക്ഷി, ഗന്ധർവൻ ... ഇങ്ങനെ വിളിച്ചു പറയാർന്നു... ''-- അനിയത്തിയുടെ വക

പരിഹാസച്ചുവയുള്ള കമന്റ്

‘’ എന്തിനാടാ നീ ഈ വേണ്ടാത്തേനൊക്കെ പോയേ ‘’-- അമ്മ കരഞ്ഞുകൊണ്ട് പറയാൻ തുടങ്ങി.

“ ഇപ്പോ അവനെ ചീത്തയൊന്നും പറയേണ്ട, അതൊക്കെ സൂക്കേട് മാറീട്ടുമതി “-- ലലേട്ടന്റെ അച്ഛൻ പക്വതയോടെ പറഞ്ഞു.

അപ്പോഴേയ്ക്കും ഡോക്ടർ വന്നു. ഡോക്ടർ കാര്യങ്ങൾ ചോദിച്ചു.

ലാലേട്ടൻ ആദ്യം മടികാണിച്ചു.

പക്ഷെ,ഡോക്ടർ പറഞ്ഞു “ ഉണ്ടായ കാര്യങ്ങൾ തുറന്നു പറയണം . , അല്ലെങ്കിൽ അത് വലിയ മാനസിക പ്രശ്നമാകും. “

ലാലേട്ടൻ ചുറ്റും നിൽക്കുന്നവരെ നോക്കി

അതു കണ്ട് ഡോക്ടർ പറഞ്ഞു." അവരൊക്കെ അവിടെ നിന്നോട്ടെ.എല്ലാവർക്കും കാര്യങ്ങളൊക്കെ അറിയാലോ.ചിലപ്പോ അവരിൽ നിന്ന് സഹായോം ഉണ്ടായീന്നിരിക്കും"

ലാലേട്ടൻ കാര്യങ്ങൾ പറഞ്ഞു തുടങ്ങി.

ലലേട്ടന്റെ അമ്മയുടെ മുഖം ദേഷ്യവും സങ്കടവും പ്രകടിപ്പിച്ചു.

അതുകണ്ട് ഡോക്ടർ പറഞ്ഞു ,"ഈ പ്രായത്തിലുള്ള കുട്ടികള് വീട്ടിലറിയാതെ സെക്കൻഡ് ഷോ വിനു പോയി എന്നൊക്കെയുള്ളതിനെ അത്ര വലിയകുറ്റമായി കാണേണ്ട.ഇനി, കാര്യങ്ങൾ സത്യസന്ധമായി പറഞ്ഞതുകൊണ്ട് കുറ്റപ്പെടുത്തലൊന്നും വേണ്ട"

തുടർന്നു പറയാൻ ഡോക്ടർ ലാലേട്ടനെ പ്രോത്സാഹിപ്പിച്ചു.
മേരിചേച്ചിയുടെ പറമ്പിൽ വെളുത്ത വസ്ത്രം ധരിച്ച യക്ഷിയെ കണ്ട കാര്യം പറഞ്ഞുകഴിഞ്ഞപ്പോൾ മേരി ചേച്ചി ഉടനെ പറഞ്ഞു.
" അത് യക്ഷിയൊന്നുമാകില്ല. അന്ന് വൈകീട്ട്, നേഴ്സിംഗിനു പഠിയ്ക്കുന്ന റോസിമോള് ഹോസ്റ്റലീന്ന് വീട്ടില് വന്നിരുന്നു.അലക്കാത്ത കൊറേ തുണികളുമായാ അവള് വന്നേ. പിറ്റേന്നുതന്നെ പോകേണ്ടോണ്ട് അവള് ഉടുക്കണ അഞ്ചാറു വെള്ള സ്സാരി അലക്കി അഴേമെലിട്ടിരുന്നു. അതില് ഒരെണ്ണം ഒറ്റയ്ക്കാ ഇട്ടിരുന്നേ. അതിനെയാവും ലാലുട്ടി ആദ്യം കണ്ടേ"

അവിടെകൂടിയിരുന്നവരുടെ മുഖത്തൊക്കെ പുഞ്ചിരി വിടർന്നു.

പക്ഷെ , ലാലേട്ടൻ അങ്ങനെ വിട്ടുകൊടുക്കാൻ തയ്യാറായില്ല.
"പക്ഷെ ,ഏറിഞ്ഞ വടി തിരിച്ചുവന്നതോ "
"അതു ശരി , അപ്പോ സാരീമലത്തെ അഴക്കിന്റെ കാരണം ഇപ്പഴാ പിടികിട്ട്യേ. . ഞാൻ വിചാരിച്ചു ആ വെള്ള സ്സാരീമ്മെ ആരാ അഴക്കൊക്കെ ആക്ക്യേന്ന് .

അത് നീ യാർന്നു ല്ലേ. എത്ര കഴുകീട്ടാ പോയേ ന്നറിയോ.
റോസിമോൾക്ക് വെല്ല്യ വെഷമായി. കാറ്റത്തു പറന്നുപോകാണ്ടിരിയ്ക്കാൻ സാരീടെ നാലറ്റോം പ്ലാസ്റ്റിക് ചരടോണ്ട് മരത്തുമ്മെ കെട്ടീട്ടുണ്ടാർന്നു."

" അതെ.ഒരു ഇലാസ്റ്റിക് പ്രതലം പോലെ അത് പ്രവർത്തിച്ചിരിയ്ക്കാം '' ഡോക്ടറും ആ അഭിപ്രായത്തെ പിന്താങ്ങി

ലാലേട്ടന് ഒന്നുകൂടി നാണക്കേടായി.

എങ്കിലും വീണ്ടും മൂപ്പർ വിട്ടുകൊടുക്കാൻ തയ്യാറായില്ല്യ.

ഒരു യുക്തിവാദിയായ തനിക്ക് ഇത്തരത്തിൽ അബദ്ധം പറ്റുകയോ.

ഡോക്ടർ ,പിന്നീടുണ്ടായ കാര്യങ്ങൾ പറയാൻ നിർബ്ബന്ധിച്ചു.

അങ്ങനെ ,ലാലേട്ടൻ വാസുവേട്ടന്റെ പറമ്പിൽവെച്ച് ആകാശ ഗന്ധർവനെക്കണ്ട കാര്യം വരെ പറഞ്ഞവസാനിപ്പിച്ചു.

പിന്നെ ,എന്തു സംഭവിച്ചുവെന്നു തനിക്കറിയില്ലെന്നും പറഞ്ഞു.

അപ്പോൾ , ഒരു കമ്മ്യൂണിസ്റ്റുകാരൻ കൂടിയായ വാസുവേട്ടൻ പറഞ്ഞു,

" അന്ന് വൈകീട്ട് പറമ്പിൽ ഒരു ഭാഗത്ത് ഞാൻ കൊയ്ത്ത് കഴിഞ്ഞപ്പോളുണ്ടായ ചണ്ടും വൈക്കോലുമൊക്കെ തീയിട്ടിരുന്നു. അതു കത്തിത്തീരാൻ കുറേ സമയമെടുക്കും ചിലപ്പൊ അതിന്നൊള്ള പൊക മൊകളിലേയ്ക്ക് പോകുന്നതു കണ്ടിട്ടാവും ലാലുട്ടീ പേടിച്ചത് "

" ചിലപ്പോഴല്ല - അത് അങ്ങനെ തന്നെ യാവും സംഭവിച്ചത് " ഡോക്ടർ പറഞ്ഞു .

തുടർന്ന് അദ്ദേഹം വിശദീകരിച്ചു," ഡ്രാക്കുള സിനിമ കണ്ടപ്പോൾ ലാലുവിന്റെ മനസ്സ് വല്ലാതെ
പേടിച്ചുപോയി; ആ പേടി ഒരു മുൻവിധിയായി മനസ്സിൽ തങ്ങി നിന്നിരിയ്ക്കാം. ആ മുൻവിധിയാണ് വെള്ള സ്സാരി കണ്ടപ്പോൾ യക്ഷിയാണെന്നും പുക ആകാശത്തേയ്ക്ക് ഉയരുന്നതുകണ്ടപ്പോൾ ആകാശഗന്ധർവ്വനാണെന്നുമൊക്കെ ലാലുവിനെക്കൊണ്ട് തോന്നിപ്പിച്ചത് "

ഡോക്ടർ ഇതും പറഞ്ഞ് പുറത്തുപോയി

" അപ്പോ ഇനിയും നിരീശ്വരവാദിയാകാം ല്ലേ " -- അനിയത്തിയുടെ കമന്റ്

ലാലേട്ടൻ അതു കേൾക്കാത്തമട്ടിൽ കട്ടിലിൽ കണ്ണടച്ചു കിടന്നു.

" ദേ ,വീണ്ടും ബോധം പോയല്ലോ ''- മേരിച്ചേച്ചി
പറഞ്ഞു.

ലാലേട്ടനും തോന്നി ഇതുതന്നെയാണ് നല്ലത് .ഇനി വിശക്കുമ്പോ കണ്ണുതുറക്കാം

# വാൽക്കഷണം ( ആക്ഷേപഹാസ്യം )

താഴെകൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ ബ്രാക്കറ്റിൽ നിന്ന് കണ്ടെത്തുക

1.യക്ഷികൾ വെള്ള വസ്ത്രം ധരിയ്ക്കാൻ കാരണമെന്ത്?

ഉത്തരം : (വിധവകളായിട്ട്, പണ്ടുകാലത്ത് ഡിസൈനർ വസ്ത്രങ്ങളുടെ അഭാവം കാരണം, രാത്രിയിലെ മങ്ങിയ വെളിച്ചത്തിൽ തിരിച്ചറിയാൻ വേണ്ടി, ഇതിലൊന്നും പെടാത്ത വേറെ ചില കാരണങ്ങൾ )

2.യക്ഷികൾ സാരി ധരിയ്ക്കാൻ കാരണമെന്ത് ?

ഉത്തരം: (രവി വർമ്മ , ദേവീ ചിത്രങ്ങളിൽ സാരി വരച്ചതുകൊണ്ട് , പണ്ട് കേരളീയ സ്ത്രീകൾ ചുരീദാർ ധരിയ്ക്കാത്തതുകോണ്ട്, പണ്ട് കേരളീയ സ്ത്രീകൾ ഫ്രോക്ക് ധരിയ്ക്കാത്തതുകൊണ്ട്, ഇതിലൊന്നും പെടാത്ത വേറെ ചില കാരണങ്ങൾ )

3.യക്ഷികൾ ചോര കുടിയ്ക്കാൻ കാരണമെന്ത് ?

ഉത്തരം : ( നോണ്-വെജിറ്റേറിയൻ ആയതുകൊണ്ട്, വെജിറ്റബിൾസ് ദഹിയ്ക്കാത്തതുകോണ്ട്, ഇതിലൊന്നും പെടാത്ത വേറെ ചില കാരണങ്ങൾ )

4. ഇത്രയേറെ ചോര കുടിച്ചീട്ടും യക്ഷികൾക്ക് എയ്ഡ്സ് വരാത്തതിനു കാരണമെന്ത്?

ഉത്തരം: (യക്ഷിയുടെ ശരീരഘടനയെക്കുറിച്ച് ശാസ്ത്രജ്ഞന്മാർ ഇതേ വരേയ്ക്കും പഠിച്ചിട്ടില്ല, യക്ഷിയ്ക്ക് എയ്ഡ്സ് ബാധീക്കില്ല ( ഉദാ: കൊതുകിനെപ്പോലെ ), ഇതിലൊന്നും പെടാത്ത വേറെ ചില കാരണങ്ങൾ )

5. യക്ഷിവർഗ്ഗത്തിന്റെ ആവിർഭാവത്തെക്കുറിച്ച് ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിന് വിശദീകരണം നൽകുവാൻ കഴിയുമോ?

ഉത്തരം : (കഴിയും,കഴിയില്ല,കഴിയുമായിരിയ്ക്കും, ആവോ )

6.ആശുപത്രികളിലെ ബ്ലഡ് ബാങ്കിനടുത്ത് യക്ഷികൾ ചോര കുടിയ്ക്കാൻ വരാത്തതെന്തുകൊണ്ട് ?

ഉത്തരം :( യക്ഷികൾ ഫ്രിഡ്ജിൽ വെച്ചത് കഴിക്കില്ല്യ ,വൈദ്യതിയുള്ളിടത്ത് യക്ഷി വരില്ല്യ. ,ഇതിലൊന്നും പെടാത്ത വേറെ ചില കാരണങ്ങൾ )

7.യക്ഷിയെ മിസൈലിന് തകർക്കാൻ കഴിയുമോ?

ഉത്തരം : (സിനിമ-സീരിയൽ എന്നിവയിലെ
യക്ഷിയെ സാധിക്കില്ല്യ., ആവോ, ആ വക കാര്യങ്ങൾ അറിയുന്നതെന്തിനാ)

8.യക്ഷിയും സ്പൈഡർമാനും ഏറ്റുമുട്ടിയാൽ ആരാ
ജയിയ്ക്കുക ?

ഉത്തരം : (യക്ഷി, സ്പൈഡർമാൻ , ആവോ, ഇങ്ങനത്തെ വിഡ്ഡി ചോദ്യങ്ങൾക്ക് മറുപടി പറയേണ്ട ആവശ്യമില്ല.)

9.യക്ഷിയും ഡ്രാക്കുളയും തമ്മിൽ ഏറ്റുമുട്ടിയാൽ ആരാ ജയിയ്ക്കുക ?

ഉത്തരം : (യക്ഷി, ഡ്രാക്കുള, കറുത്തവരുടെ പിശാചല്ലേ -- അവനെ തീണ്ടരുത് , ആവോ)

10.ഇങ്ങനത്തെ ചോദ്യങ്ങൾ വാൽക്കഷണമായി
കൊടുക്കുന്നതെന്തിനാ ?

ഉത്തരം : (തമാശയ്ക്ക്, ചിന്തിപ്പിയ്ക്കാനായി, അന്ധവിശ്വാസം മാറ്റുന്നതിനായി,
പലകാര്യങ്ങളുടേയും പൊള്ളത്തരംവെളിച്ചത്തുകൊണ്ടുവരാന്, വെറുതെ ഓരോ
വിഡ്ഢിത്തങ്ങൾ

Best wishes: karipparasunil@yahoo.com
Plese Visit:
http://karipparasunils.blogspot.com/